# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 957/11/12/2023/ TVM**

പരാതികക്ഷി : മിനി അനിൽകുമാർ, പുല്ലൂർമുക്ക്
കല്ലംമ്പലം, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 03.04.2024**

22.05.2023 തീയതി വൈകിട്ട് 6 മണിയോടെ പരാതിക്കാരിയും മകനും കെ.എൽ–59എ 9361 നമ്പർ കാറിൽ വർക്കലയിൽ നിന്നും കല്ലമ്പലത്തേയ്ക്ക് സഞ്ചരിക്കവെ മാവിൻമൂട് എന്ന സ്ഥലത്തുവച്ച് കെ.എൽ–16എഎ 2974 നമ്പർ കാറിന്റെ പുറകിൽ ടി കാർ തട്ടിയസമയം കെ.എൽ–16എഎ 2974 നമ്പർ കാർ ഓടിച്ച ആൾ മകനെ കാറിൽ നിന്നും പിടിച്ചിറക്കി ക്രൂരമായി ദേഹോപദ്രവം ഏൽപ്പിക്കുകയും ആയത് തടയാൻ ശ്രമിച്ച പരാതികക്ഷിയെയും മർദ്ദിച്ചതായും, ഇക്കാര്യത്തിൽ ആവശ്യമായ നിയമനടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വർക്കല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരാതിയിലെ എതിർകക്ഷിയുടെ കാറിൽ ഹർജികക്ഷി സഞ്ചരിച്ചുവന്ന കാർ തട്ടിയതിൽ വച്ചുള്ള വിരോധത്താൽ കാർ ഓടിച്ചു വന്ന ഹർജികക്ഷിയുടെ മകനെയും കാറിൽ യാത്ര ചെയ്തുവന്ന ഹർജികക്ഷിയെയും ദേഹോപദ്രവം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി മാവിൻമൂട് എന്ന സ്ഥലത്ത് എത്തിയ സമയം എതിർകക്ഷി പുറത്തിറങ്ങി ഹർജികക്ഷിയുടെ മകനെ കാറിൽ നിന്നും വലിച്ചു പുറത്തിറക്കി അലറികൊണ്ട് കൈച്ചുരുട്ടി വയറ്റിൽ ഇടിച്ചു കഴുത്തിനു കുത്തിപ്പിടിച്ച് തറയിൽ തള്ളിയിട്ട് ശരീരമാസകലം ചവിട്ടി വേദനിപ്പിക്കുകയും ആയത് തടയാൻ ചെന്ന ഹർജികക്ഷിയെ എതിർകക്ഷി കഴുത്തിനു കുത്തിപ്പിടിച്ച് ഇടതുകൈ പിടിച്ചു തിരിച്ച് ചൂണ്ടുവിരൽ കടിച്ച് മാനഹാനിയും മനോവിഷമവും വരുത്തിയും കുറ്റം ചെയ്തിരിക്കുന്നു എന്നുള്ളതിന് കല്ലമ്പലം പോലീസ് സ്റ്റേഷൻ ക്രൈം 825/23 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു.

കല്ലമ്പലം പോലീസ് സ്റ്റേഷൻ ക്രൈം 825/23 നമ്പർ കേസിൻെറ അന്വേഷണം കാലതാമസം കൂടാതെ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കേണ്ടതാണെന്ന് വർക്കല ഡെപ്യൂട്ടി സൂപ്രണ്ടിനോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ